(ഇ) ഇക്കാര്യത്തിൽ ഒരു ദുരൂഹതയും നിലനിൽക്കുന്നില്ല. ഡി.ജി.എസ്. ആന്റ് ഡി റേറ്റ് കോൺട്രാക്റ്റ് അനുസരിച്ചുള്ള വില മാർക്കറ്റ് വിലയേക്കാൾ വളരെ കുറവാണ്. ഇതനുസരിച്ചാണ് ചേസിസുകൾ വാങ്ങിയത്. റിഗ്ഗുകൾ വരുന്നതിനു മുമ്പുതന്നെ ട്രക്കുകൾ വാങ്ങിയെങ്കിൽ മാത്രമേ അവ ഘടിപ്പിക്കുവാൻ സാദ്ധ്യമാകുകയുള്ളൂ. റിഗ്ഗുകൾ വാങ്ങുന്നമുറയ്ക്ക് അവ ചേസിസുകളിൽ ഘടിപ്പിക്കുന്നതാണ്.

65 (2756) സംസ്ഥാനത്ത് ശുദ്ധജലം ലഭിക്കുന്നവർ

ശ്രീ. ജോസ് ബേബി :
ശ്രീ. സത്യൻ മൊകേരി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ശതമാനം പേർക്ക് ഇപ്പോൾ ശുദ്ധജലം ലഭ്യമാക്കാൻ കഴിയുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര ശതമാനം ഗ്രാമീണരും എത്ര ശതമാനം നഗരവാസികളും ഉൾപ്പെടുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 3/99-ലെ കണക്കു പ്രകാരം സംസ്ഥാനത്ത് 58% പേർക്ക് ശുദ്ധജലം ലഭിക്കുന്നുണ്ട്.

(ബി) ഇതിൽ 51% ഗ്രാമീണ ജനതയും 77.7% നഗര വാസികളും ഉൾപ്പെടുന്നു.

66 (2757) വാട്ടർ കണക്ഷൻ നൽകുന്നതിന് നിരോധനം

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധജല വിതരണ പദ്ധതികളുടെ പണികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ വർക്കല മണ്ഡലത്തിലെ പ്രദേശങ്ങളിൽ ഗാർഹിക ആവശ്യത്തിന് വാട്ടർ കണക്ഷൻ നൽകുന്നത് നിർത്തി വച്ചിരിക്കുകയാണോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഈ നിരോധനം എപ്പോൾ മുതലാണ് നിലനിൽക്കുന്നതെന്നും ഇപ്പോഴും തുടരുന്നുണ്ടോ എന്നും വ്യക്തമാക്കുമോ;

(സി) നിരോധനം ഇപ്പോഴും നിലനിൽക്കുന്നുവെങ്കിൽ എന്നത്തേയ്ക്ക് അവസാനിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) നിരോധനം അവസാനിക്കുന്നതിനെത്തുടർന്ന് ഇവിടെ വാട്ടർ കണക്ഷൻ നൽകുന്നതിനുള്ള അധികാരം വാട്ടർ അതോറിറ്റിക്കാണോ മുൻസിപ്പാലിറ്റി/പഞ്ചായത്തുകൾക്കാണോ എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly